പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2406

19/06/2013-ൽ
മറുപടിയ്ക്ക്

**ശ്രീകൃഷ്ണ കോളേജിലെ നിയമനങ്ങൾ**

ചോദ്യം
ശ്രീമതി ഗീതാ ഗോപി

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പ് മന്ത്രി.

എ) ഗുരുവായൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ശ്രീകൃഷ്ണ കോളേജിൽ ഇ.സി 1-1826/92(2) തീയതി 2.6.2000 ഉത്തരവു പ്രകാരം എത്ര പേരെ ജോലിയിൽ പ്രവേശിപ്പിച്ചു; അവരുടെ പേരും തസ്തികകളും ലഭ്യമാക്കുമോ;

എ) ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ശ്രീ. പി.കെ. സജി, ശ്രീ. വി. രാജേഷ്, ശ്രീ. എസ്.എം. ബാലകൃഷ്ണൻ, ശ്രീ. എസ്. ശ്രീരാജ്, ശ്രീ. കെ. മനോജ് കുമാർ, ശ്രീ. കെ.കെ. രാമചന്ദ്രൻ, ശ്രീ. ജി. ശ്രീകുമാർ, ശ്രീ. ടി. സന്തോഷ് കുമാർ, ശ്രീ. പി. സുനിൽ, ശ്രീ. ആർ. രാജേഷ്, ശ്രീ. സി.പി. ജയപ്രകാശ്, ശ്രീ.എം.ബി. പ്രസന്നൻ, ശ്രീ. പി.ആർ. ജോഷി എന്നീ 13 പേർക്ക് ജോലി നൽകിയിരുന്നു.

ബി) ഇവർ ജോലിയിൽ പ്രവേശിച്ചതായ തസ്തികകളിൽ ഒഴിവുകളുണ്ടായത് നിലവിലുണ്ടായിരുന്നവർക്ക് സ്ഥാനക്കയറ്റം ലഭിച്ചതുകൊണ്ടാണോ; സ്ഥാനക്കയറ്റം വഴി എത്ര ഒഴിവുകളാണ് ഉണ്ടായിരുന്നത്;

ബി) സ്ഥാനക്കയറ്റം വഴി 12 പേർക്കും, ഒരാൾക്ക് ലീവ് വിത്തൗട്ട് അലവൻസ് വഴിയുമാണ് നിയമനം നൽകിയിരുന്നത്.

സി) ഇവർ ജോലിയിൽ പ്രവേശിക്കുമ്പോൾ, കോളീജിയറ്റ് വിദ്യാഭ്യാസ വകുപ്പിൽ നിയമനനിരോധനം ഉണ്ടായിരുന്നുവോ; എങ്കിൽ ആയത് സ്വകാര്യ കോളേജുകൾക്ക് ബാധകമാണോ;

സി) ഉണ്ടായിരുന്നു. ബാധകമായിരുന്നു.

ഡി) സ്ഥാനക്കയറ്റം മൂലമുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെടുകയും തത്സമയം വകുപ്പിൽ നിയമനനിരോധനം സ്വകാര്യ കോളേജുകൾക്ക് ബാധകമല്ലാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാരെ 31.03.04 ന് പിരിച്ചുവിട്ടതിന് വിശദീകരണം നൽകാമോ;

ഡി) ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം നൽകിയിരുന്നത്. രണ്ട് തവണ കരാർ നീട്ടി നൽകുകയും കരാർ കാലാവധി കഴിഞ്ഞ 31/3/2004 -ന് ഇവരെ സർവ്വീസിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു.

ഇ) സ്വകാര്യ കോളേജുകളിൽ നിയമനനിരോധനം നിലവിലില്ലാതിരുന്ന സാഹചര്യത്തിൽ നിയമിക്കപ്പെട്ട പ്രസ്തുത ജീവനക്കാരെ പിരിച്ചുവിട്ട നടപടി റദ്ദാക്കി തിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഇ) ഇപ്പോൾ പരിഗണനയിലില്ല എന്ന് ഗുരുവായൂർ ദേവസ്വം അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ